**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1166** **02-02-2026 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥ വ്യതിയാനം മൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥ വ്യതിയാനവും അശാസ്ത്രീയമായ മീൻപിടിത്തവും കാരണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി വ്യക്തമാക്കാമോ; | (എ) | കാലാവസ്ഥ വ്യതിയാനവും അശാസ്ത്രീയമായ മീൻപിടിത്ത രീതികളും കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും സാമൂഹ്യ–സാമ്പത്തിക സുരക്ഷയെയും ബാധിച്ചിട്ടുണ്ട്.<br><br>കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി സമുദ്ര താപനിലയിൽ ഉണ്ടാകുന്ന വർധന, കടൽ പ്രവാഹങ്ങളിലെ മാറ്റങ്ങൾ, കാലാവസ്ഥയുടെ അനിശ്ചിതത്വം, കടൽക്ഷോഭം, ചുഴലിക്കാറ്റുകളുടെ ആവർത്തനം എന്നിവ മൂലം മത്സ്യസമ്പത്തിന്റെ സ്വഭാവത്തിലും ലഭ്യതയിലും ഗണ്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തീരദേശ ജലങ്ങളിൽ പരമ്പരാഗതമായി ലഭിച്ചിരുന്ന മത്സ്യവർഗങ്ങൾ കുറയുകയും മത്സ്യങ്ങൾ കൂടുതൽ ആഴക്കടലിലേക്കും ദൂരപ്രദേശങ്ങളിലേക്കും മാറുകയും ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ചെറുയാനങ്ങളും പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങളും ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ സാഹചര്യത്തിൽ ഫലപ്രദമായി മത്സ്യബന്ധനം നടത്താൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.<br><br>കൂടാതെ, അശാസ്ത്രീയമായ മീൻപിടിത്ത രീതികൾ, പ്രത്യേകിച്ച് നിരോധിത ഉപകരണങ്ങളുടെ ഉപയോഗം, ചെറുമീനുകളുടെ അനിയന്ത്രിത പിടിത്തം എന്നിവ മത്സ്യസമ്പത്തിന്റെ പുനരുത്പാദന ശേഷിയെ പ്രതികൂലമായി ബാധിക്കുകയും ദീർഘകാലത്തിൽ മത്സ്യസമ്പത്ത് കുറയുന്നതിനും കാരണമാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. |
| (ബി) | അടിക്കടി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം മൂലമുള്ള മുന്നറിയിപ്പുകൾ നിമിത്തം | (ബി) | കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി കടലിലെ കാലാവസ്ഥയിൽ ഉണ്ടാകുന്ന അതിവേഗവും അനിശ്ചിതവുമായ മാറ്റങ്ങൾ മൂലം |

| | | | |
|---|---|---|---|
| | മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുവാൻ സാധിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ; | | മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. സമുദ്ര താപനിലയിലെ വർധന, കാറ്റിന്റെ വേഗതയിലും ദിശയിലുമുള്ള പെട്ടെന്നുള്ള മാറ്റങ്ങൾ, അതിശക്തമായ മഴ, ഉയർന്ന തിരമാലകൾ, കടൽക്ഷോഭം, ചുഴലിക്കാറ്റുകൾ എന്നിവയുടെ ആവർത്തന വർധന എന്നിവയാണ് പ്രധാന കാരണങ്ങൾ. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനായി ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (IMD), ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS) തുടങ്ങിയ കേന്ദ്ര ഏജൻസികൾ നൽകുന്ന കാലാവസ്ഥ–കടൽസ്ഥിതി മുന്നറിയിപ്പുകൾ അടിസ്ഥാനമാക്കി മത്സ്യത്തൊഴിലാളികളുടെ ജീവനും സുരക്ഷയും മുൻനിർത്തി മത്സ്യബന്ധന പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ട സാഹചര്യം പതിവായി ഉണ്ടാകുന്നു. പ്രത്യേകിച്ച് ചെറുയാനങ്ങളിലൂടെയും പരമ്പരാഗത ഉപകരണങ്ങളിലൂടെയും മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് ഇത്തരം മുന്നറിയിപ്പുകൾ സമയബന്ധിതമായി പാലിക്കുന്നത് അനിവാര്യമാണ്.<br><br>കാലാവസ്ഥ വ്യതിയാനം മൂലം മുന്നറിയിപ്പുകളുടെ ആവർത്തനം വർധിച്ചതോടെ മത്സ്യബന്ധനത്തിന് ലഭ്യമായ തൊഴിൽ ദിനങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. |
| (സി) | തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിന് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ് ,കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ |

| | | | |
|---|---|---|---|
| | | | കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br><br>കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 30.07.2020-ലെ സ.ഉ(സാധാ)നം.210/2020/ ഭ.പൊ.വി.വ ഉത്തരവ് പ്രകാരം 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.<br><br>2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര- അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 20/01/2023 ലെ സ.ഉ (സാധാ)നം.64/2023/മത്സ്യ നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് (സ.ഉ.(സാധാ)നം476/2023/റ.വ. തീയതി 29/01/2023) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി.<br><br>2025 മെയ് 18 മുതൽ മെയ് 31 വരെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെടരുതെന്ന INCOIS, KSDMA, IMD എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം 14 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യ- അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 14 ദിവസത്തേക്ക് 48,20,48,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് അനുവദിച്ച് കൊണ്ട് സ.ഉ.(കൈ)നം14/2026/റ.വ. തീയതി 08/01/2026 പ്രകാരം റവന്യൂ വകുപ്പിൽ നിന്നും ഉത്തരവായിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | കാലാവസ്ഥ പ്രവചനങ്ങളിൽ ഉണ്ടാകുന്ന അവ്യക്തതയും സൂക്ഷ്മത ഇല്ലായ്മയും മൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ഡി) | കാലാവസ്ഥ പ്രവചനങ്ങളിൽ ചില അവസരങ്ങളിൽ ഉണ്ടാകുന്ന അവ്യക്തതയും പ്രാദേശികതല കൃത്യതയുടെ അഭാവവും മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ, തൊഴിൽ, ഉപജീവനം എന്നീ മേഖലകളിൽ ഗൗരവമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യം പരിഹരിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളുടെ ജീവനും സുരക്ഷയും മുൻനിർത്തി അടിയന്തരവും ദീർഘകാലപരവുമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്.<br><br>അടിയന്തര നടപടികളുടെ ഭാഗമായി ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (IMD), ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS), സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA), മത്സ്യബന്ധന വകുപ്പ് എന്നിവയുടെ ഏകോപനത്തോടെ കൂടുതൽ കൃത്യവും പ്രദേശനിഷ്ഠവുമായ കാലാവസ്ഥ–കടൽസ്ഥിതി പ്രവചനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി INCOIS–ന്റെ Potential Fishing Zone (PFZ), Ocean State Forecast (OSF), High Wave Alerts തുടങ്ങിയ സേവനങ്ങൾ മൊബൈൽ സന്ദേശങ്ങൾ, വോയ്സ് കോൾ അലർട്ടുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ, ഹാർബർ–ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവ മുഖേന അറിയിപ്പുകൾ നൽകി വരുന്നു. കൂടാതെ, ഹാർബർ തലത്തിൽ ഫിഷറീസ് ഓഫീസർമാരുടെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, സുരക്ഷാ പരിശീലനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുരന്ത സാധ്യത ഉയർന്ന സമയങ്ങളിൽ കടലിൽ പോകേണ്ടതുണ്ടോ എന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്ന സംവിധാനം നിലവിലുണ്ട്.<br><br>ദീർഘകാല ഇടപെടലുകളുടെ ഭാഗമായി കാലാവസ്ഥാ ഡാറ്റയുടെ ശേഖരണം, വിശകലനം, പ്രചരണം എന്നിവ മെച്ചപ്പെടുത്തുന്നതിനായി ആധുനിക ഓഷ്യൻ ബോയെകൾ, ഓട്ടോമാറ്റിക് വേതർ സ്റ്റേഷനുകൾ, കോസ്റ്റൽ ഒബ്സർവേഷൻ നെറ്റ്വർക്ക് എന്നിവയുടെ വിന്യാസം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിലൂടെ പ്രവചനങ്ങളുടെ കൃത്യത വർധിപ്പിക്കുവാനും മുന്നറിയിപ്പുകളുടെ വിശ്വാസ്യത മെച്ചപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. ഉപജീവന സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നും ശക്തിപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ